കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്ത് - 2017-18 വർഷത്തെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ - സർക്കാർ അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുവാൻ അനുമതി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3903/2017/തസ്വഭവ തിരുവനന്തപുരം, തീയതി,04/12/2017.

---

വായന:- 1. 15/11/2017 ലെ സ.ഉ(സാധാ) നം. 3675/2017/തസ്വഭവ നമ്പർ ഉത്തരവ്.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21/11/2017 ലെ ഡിബി.1-4887/12/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ വിവിധ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ സർക്കാർ അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുവാൻ മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ടി ഉത്തരവിൽ ഇ-ടെണ്ടർ സംബന്ധിച്ച് പരാമർശമുള്ളതിനാൽ ആയത് ഒഴിവാക്കി ഉത്തരവാകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവിലെ രണ്ടാം ഖണ്ഡിക ഒഴിവാക്കി, ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ "പൊതുവായി ഇ-ടെണ്ടർ നടപടി ഒഴിവാക്കണമെന്ന ആവശ്യം" നിരസിച്ചും എന്നാൽ നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസി മുഖേന ചെയ്യാവുന്നതുമാണെന്ന് ഉത്തരവാകുന്നു. ടി ഭേദഗതികളോടെ വായന ഒന്നിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, ഇടുക്കി
ജില്ലാ കളക്ടർ, ഇടുക്കി
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ് (336/ഡി.ബി1/2017/തസ്വഭവ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ